## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2647    19.07.2011-ൽ മറുപടിയ്ക്ക്

### നദീജലമലിനീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | ശ്രീ. ഉമ്മൻചാണ്ടി<br>( മുഖ്യമന്ത്രി) |

| | |
|---|---|
| എ) കേരളത്തിലെ നദികളെല്ലാം ആശങ്കാജനകമാകുംവിധം മലിനപെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ മലിനീകരണം തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്തെ നദികളും മറ്റു ജലാശയങ്ങളും സ്വീവേജ് മലിനീകരണമാണ് മുഖ്യമായി നേരിടുന്നത്. നഗരങ്ങളിലും പട്ടണങ്ങളിലും ഉണ്ടാകുന്ന സ്വീവേജ് ശേഖരിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും മതിയായ സംവിധാനം ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലവിലില്ല. വ്യവസായസ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിടസമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവ പുറത്തുവിടുന്ന മാലിന്യങ്ങൾ നിമിത്തം ജലസ്രോതസ്സുകൾ മലിനപ്പെടാതിരിക്കാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൈകൊണ്ടുവരുന്നു. മേൽ സ്ഥാപനങ്ങളിൽ നിന്ന് പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾക്ക് പരിധി നിശ്ചയിക്കുക, ശുദ്ധീകരണസംവിധാനങ്ങൾ ഏർപ്പെടുത്തുക, ശുദ്ധീകരണ സംവിധാനങ്ങളുടെപര്യാപ്തതയും പ്രവർത്തനവും പരിശോധനയിലൂടെ ഉറപ്പു വരുത്തുക, ബോർഡിന്റെ അനുമതി പത്രം എടുപ്പിക്കുക എന്നീ നടപടികൾ മലിനീകരണ നിയന്ത്രണബോർഡ് സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| സി) ഇതിനായി സന്നദ്ധസംഘടനകളേയും നാഷണൽ സർവ്വീസ് സ്കീം പോലുള്ള ഏജൻസികളെയും ചേർത്ത് വിപുലമായ ബോധവൽക്കരണ പരിപാടികൾക്കായി എന്തെല്ലാം പദ്ധതികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) മലിനീകരണ നിയന്ത്രണം സംബന്ധിച്ച് കോളേജുകൾ, ഹയർസെക്കണ്ടറി സ്ക്കൂളുകൾ എന്നിവിടങ്ങളിലെ നാഷണൽ സർവ്വീസ് കോർഡിനേറ്റർമാർക്ക് ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ട്രെയിനിങ് നൽകുകയുണ്ടായി. വിവിധതരം പ്രസിദ്ധീകരണങ്ങൾക്ക് സാമ്പത്തിക സഹായം നൽകി മലിനീകരണ നിയന്ത്രണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന ബോധവൽക്കരണ പരിപാടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തുന്നുണ്ട്. |
| ഡി) നദീജലം മലിനപ്പെടുത്തുന്നവർക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ഡി) നിബന്ധനകൾ പാലിക്കുന്നതിൽ ആവർത്തിച്ചു വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾ അടച്ചു പൂട്ടിക്കുകയോ പ്രവർത്തനം പരിമിതപ്പെടുത്തുകയോ അവയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയോ ചെയ്തുവരുന്നു.<br>ജല നിയമപ്രകാരം നദികളും മറ്റു ജലാശയങ്ങളും മലിനപ്പെടുത്തുന്നവർക്കെതിരെ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിൽ കുറയാത്ത കോടതിയിൽ ബോർഡിന് കേസ് ഫയൽ ചെയ്യാവുന്നതാണ്. ടി നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരം കോടതികൾക്ക് പരമാവധി 7 വർഷം വരെ തടവും, പിഴയും ശിക്ഷിക്കാം.<br>ജല നിയമപ്രകാരം മലിനീകരണം നടത്തുന്ന വ്യവസായം/സ്ഥാപനം അടച്ചു പൂട്ടാനും, വൈദ്യുതി, വെള്ളം മുതലായ സർവ്വീസുകൾ നിർത്തലാക്കാൻ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾക്ക് /സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാനുമുള്ള അധികാരം ബോർഡിനുണ്ട്.<br>കൂടാതെ, ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും ചവറോ മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ നിക്ഷേപിക്കുന്നത് കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായ കുറ്റമായും ഇത്തരം കുറ്റം ചെയ്യുന്നവർക്ക് |

| | |
|---|---|
| | പതിനായിരം മുതൽ ഇരുപത്തയ്യായിരം രൂപ വരെ പിഴയും ആറ് മാസം മുതൽ ഒരു വർഷം വരെ തടവുശിക്ഷയും നൽകാനും മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ കൊണ്ടു പോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കാനും കണ്ടുകെട്ടാനുമുള്ള നിയമഭേദഗതി മുനിസിപ്പാലിറ്റീസ് ആക്ടിലും പഞ്ചായത്ത് രാജ് ആക്ടിലും വരുത്തി 07.10.2009- ൽ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| ഇ) മലിനീകരണത്തിന് കാരണക്കാരാകുന്നവർക്കെതിരെ അഞ്ചു വർഷം കഠിനതടവും അഞ്ച് ലക്ഷം രൂപ പിഴയും ഈടാക്കുന്ന തരത്തിൽ നടപടി സ്വീകരിക്കുവാൻ നിയമഭേദഗതി കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | ഇ) മലിനീകരണത്തിനു കാരണമാകുന്നവർക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള അധികാരം ജലനിയമത്തിൽ തന്നെയുണ്ട്. കൂടാതെ പഞ്ചായത്ത് രാജ് ആക്ടിലും മുനിസിപ്പാലിറ്റീസ് ആക്ടിലും ഈ കാര്യങ്ങൾ നിയമ ഭേദഗതി വരുത്തി 2009 ൽ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിയമ ഭേദഗതി വരുത്തേണ്ട . ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. |

സെക്ഷൻ ഓഫീസർ